# അറിയിപ്പ്

കേരള ഷോപ്പ്സ് &കൊമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡിലെ സ്വയംതൊഴിൽ ചെയ്യുന്ന അംഗങ്ങൾ ഉൾപ്പെടെയുള്ള തൊഴിലാളികളുടെ അംശദായം 40/-രൂപയിൽ നിന്ന് 100/-രൂപയായി തൊഴിലും നൈപുണ്യവും (ആർ) വകുപ്പ് സെക്രട്ടറിയുടെ 19/05/2022 തീയതിയിലെ ജി.ഒ(പി)നം.41/22 LBR നമ്പർ ഉത്തരവ് പ്രകാരം വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ തൊഴിലാളി വിഹിതം 50/- രൂപയും തൊഴിലുടമ വിഹിതം 50/- രൂപയും ആയി 100/- രൂപ 01.09.2022 മുതൽ അടയ്ക്കേണ്ടതാണ്. ഈ വർദ്ധനവ് 01/09/2022 മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

ജില്ലാ എക്സിക്യൂട്ടീവ് ആഫീസർ

എറണാകുളം

©
**കേരള സർക്കാർ**
Government of Kerala
2022

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
EXTRAORDINARY

**ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്**
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| **വാല്യം 11**<br>Vol. XI | **തിരുവനന്തപുരം, വ്യാഴം**<br>Thiruvananthapuram, Thursday | 2022 മേയ് 19<br>19th May 2022<br>**1197 ഇടവം 5**<br>5th Idavam 1197<br>**1944 വൈശാഖം 29**<br>29th Vaisakha 1944 | **നമ്പർ**<br>No. | **1624** |

കേരള സർക്കാർ

**തൊഴിലും നൈപുണ്യവും (ആർ) വകുപ്പ്**

വിജ്ഞാപനം

സ.ഉ. (അച്ചടി) നമ്പർ 41/2022/തൊഴിൽ *തിരുവനന്തപുരം, 2022 മെയ് 19*

**1197 ഇടവം 5**

**എസ്. ആർ. ഒ. നമ്പർ 495/2022**

2006-ലെ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ആക്റ്റിന്റെ (2006-ലെ 24) 4-ാം വകുപ്പ് (6)-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട്, 2007-ലെ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ ചെലവുകൾ കണക്കിലെടുത്ത്, പ്രസ്തുത ആക്റ്റിന്റെ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

4-ാം വകുപ്പ് (3)-ാം ഉപവകുപ്പിലെ ഇരുപത് രൂപ നിരക്ക് അൻപത് രൂപ നിരക്കായി കേരള സർക്കാർ ഇതിനാൽ പുനർനിർണ്ണയിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

മിനി ആന്റണി,
*ഗവൺമെന്റ് സെക്രട്ടറി.*

**വിശദീകരണക്കുറിപ്പ്**

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതുഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2006-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ആക്റ്റിലെ (2006-ലെ 24) 4-ാം വകുപ്പ് (6)-ാം ഉപവകുപ്പിൽ, നിധിയിലെ അംശദായമായി നിശ്ചയിക്കപ്പെട്ടിട്ടുള്ള നിരക്കുകളും (4)-ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള ഗ്രാന്റിന്റെ നിരക്കും സർക്കാരിന്, പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ ചെലവുകൾ കണക്കിലെടുത്ത് മൂന്ന് വർഷത്തിലൊരിക്കൽ ഗസറ്റ് വിജ്ഞാപനം മൂലം പുനർനിർണ്ണയിക്കാവുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതിൻപ്രകാരം പ്രസ്തുത ആക്റ്റിന്റെ 4-ാം വകുപ്പ് (3)-ാം ഉപവകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള നിലവിലുള്ള അംശദായ നിരക്കായ "ഇരുപത്" രൂപ എന്നത് "അൻപത്" രൂപയായി പുനർനിർണ്ണയിച്ച് വിജ്ഞാപനം പുറപ്പെടുവിക്കാൻ സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2022

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Salim A
Date:2022.05.19 04:15:54 +05:30

AS TRANSLATED

KERALA GAZETTEE

EXTRAORDINARY

PUBLISHED BY AUTHORITY

Govt. of Kerala

Labour & Skills Department

Trivandrum, 19th May 2022

1197 Idavam 5

SRO NO. 495/2022

In exercise of the powers conferred by sub-section (6) of section 4 (24 of 2006), of the Kerala Shops and Commercial Establishments Workers' Welfare Act, 2006, Taking into account the expenses incurred in the implementation of the Kerala Shops and Commercial Establishments Workers' Welfare Fund Scheme, The Government of Kerala hereby revises the rate of Rs 20 which is mentioned in the section 4 of the sub section (3) to Rs. 50.

By the Order of Governor

Mini Antony

Secretary to Government

Explanatory note

(This does not form part of the notification but is intended to convey its general purpose)

Section 4 of the Kerala Shops and Commercial Establishments Workers' Welfare Act, 2006 (24 of 2006) provides that in sub-section (6) the rates determined as part of the fund and the replenishment of the grant mentioned in sub-section (4) may be reviewed by the Government once in three years by publication in the Gazette, taking into account the expenses required for the implementation of the project. Accordingly, the Government has decided to issue a notification revising the existing rate of Rs 20 as Rs 50

This notification is intended to fulfil the above objective.